**പതിമൂന്നാം കേരള നിയമസഭ**
**പന്ത്രണ്ടാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ.3091

11.12.2014-ൽ
മറുപടി നൽകേണ്ടിയിരുന്നത്

**മിലിട്ടറി ലാന്റ് ലഭിക്കുന്നതിനുള്ള വരുമാന പരിധി**

| **ചോദ്യം** | **മറുപടി** |
|---|---|
| ശ്രീ.കെ.കുഞ്ഞിരാമൻ | ശ്രീ.അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് മിലിട്ടറി ലാന്റ് ലഭിക്കുന്നതിനുള്ള വരുമാന പരിധി ഇപ്പോൾ എത്രയാണ്; | (എ) സംസ്ഥാനത്ത് മിലിട്ടറി ലാന്റ് എന്ന ഇനത്തിൽപ്പെട്ട ഭൂമിയില്ലാത്തതാണ്. 1964 ലെ കേരള ഭൂമി പതിവ് ചട്ടം 7(2) (i) പ്രകാരം പതിച്ചു നൽകാവുന്ന 10% പ്രദേശം വിമുക്തഭടന്മാർക്ക് പതിച്ചു നൽകുന്നതിന് മുൻഗണന നിഷ്കർഷിച്ചിട്ടുണ്ട്. 1964 ലെ കേരള ഭൂമി പതിവ് ചട്ടം 7(2) (i) പ്രകാരം ഭൂമി പതിച്ചു കിട്ടുന്നതിന് അപേക്ഷകരുടെ കുടുംബ വാർഷിക വരുമാനം 75,000/- രൂപയിൽ നിന്നും ഒരു ലക്ഷം രൂപയായി 28.10.2014 ലെ ജി.ഒ (പി) നം.450/14/ആർ.ഡി പ്രകാരം ഉയർത്തിയിട്ടുണ്ട്. |
| (ബി) വരുമാന പരിധി കാലാനുസൃതമായി വർദ്ധിപ്പിക്കാത്തതു മൂലം പലർക്കും അപേക്ഷിക്കാൻ സാധിക്കാത്ത വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) വരുമാന പരിധി 28.10.2014 ലെ ജി.ഒ (പി) നം.450/14/ആർ.ഡി പ്രകാരം ഒരു ലക്ഷം രൂപയായി ഉയർത്തിയിട്ടുണ്ട്. |

(സി) എങ്കിൽ വരുമാന പരിധി കാലാനുസൃതമായി വർദ്ധിപ്പിക്കുന്ന വിഷയം പരിഗണിക്കുമോ; വിശദാംശങ്ങൾ അറിയിക്കുമോ?

(സി) നിലവിൽ പരിഗണനയിൽ ഇല്ല.

സെക്ഷൻ ഓഫീസർ